# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് ഏ-ഇകെഎം(പി10) 519/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 31/03/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് ഏ-ഇകെഎം(പി10) 519/2021 തീയ്യതി: 31/03/2021

## എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ കെ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-03-2021 | 29-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അബ്ദുൾ സലാം ടി.ഐ., ഓഡിറ്റ് ഓഫീസർ
എം.എസ്. ഗോപകുമാർ, അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
വിജു എം.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ

ബെറ്റ്സി സി.എക്സ്., ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സോണി ചീക്കു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.മല്ലിക വി.ആർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടി.വി.ആനന്ദൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 22-12-2019 |
| ശ്രീ.ഉമേഷ്.ജി | അസിസ്റ്റന്റ് സെക്രട്ടറി | 23-12-2019 | 31-03-2020 |
| ശ്രീമതി. പുഷ്യ രാജൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. റേച്ചൽ ബെഞ്ചമിൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി..ഫെമിത വി.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 09-06-2019 |
| ശ്രീമതി. വീണ ടി.വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10-06-2019 | 31-03-2020 |
| ശ്രീ.പ്രഗത് ഭാസ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചിറ്റൂർ | 01-04-2019 | 29-08-2019 |
| ശ്രീമതി.സവിത | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചിറ്റൂർ | 30-08-2019 | 31-03-2020 |
| ശ്രീമതി.സ്മിത | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചേരാനെല്ലൂർ | 01-04-2019 | 29-08-2019 |
| ശ്രീ..സാദിഖ് | വില്ലേജ് | 30-08-2019 | 31-03-2020 |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ, ചേരാനെല്ലൂർ | | |
| ശ്രീമതി.ജിമി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അഞ്ജു | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ..ജിനുജോസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.ടി.സിജി എബ്രഹാം | മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി | 01-04-2019 | 31-03-2020 |
| ഡോ..സൌമ്യ രമേശ് | മെഡിക്കൽ ഓഫീസർ, ആയുർവേദ ആശുപത്രി | 01-04-2019 | 31-03-2020 |
| ഡോ.ഷെറി മത്തായി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: M.S.Gopakumar (Asst. Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-1 |
| 2 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Betsy C.X (Auditor, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Betsy C.X (Auditor, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Betsy C.X (Auditor, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Betsy C.X (Auditor, On 28-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-9 |
| 10 | ഗ്രാമസഭ<br>Written By: M.S.Gopakumar (Asst. Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-10 |
| 11 | പദ്ധതി ആസൂത്രണത്തിലെ അപാകതകളും, വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിലെ പോരായ്മകളും<br>Written By: Abdul Salam T.I (Audit Officer, On 29-03-2021)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 31-03-2021) | 1-11 |
| 12 | അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Viju M S (Senior Grade Auditor, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-12 |
| 13 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Viju M S (Senior Grade Auditor, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-13 |
| 14 | ബിലേറ്റഡ് ഫീസ് ഈടാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 1-14 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Viju M S (Senior Grade Auditor, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 1-15 |
| 16 | വാടക കടിശ്ശിക ഈടാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-16 |
| 17 | | 1-17 |

| | | |
|---|---|---|
| | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | |
| 18 | ഗുണഭോക്തൃലിസ്റ്റ് ലഭ്യമല്ല.<br>Written By: Viju M S (Senior Grade Auditor, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 1-18 |
| 19 | കാലാവധി കഴിഞ്ഞിട്ടും ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല<br>Written By: Viju M S (Senior Grade Auditor, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 1-19 |
| 20 | എം.ജി.എൻ..ആർ.ഇ.ജി.എസ്- അപാകതകൾ<br>Written By: Betsy C.X (Auditor, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 1-20 |
| 21 | മരാമത്ത് പ്രവർത്തിക്ക് അധിക തുക നൽകി<br>Written By: Abdul Salam T.I (Audit Officer, On 27-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-21 |
| 22 | ബിറ്റുമെൻ കാലി ബാരലിന്റെ വില കുറയ്ക്കാതെ ഫൈനൽ ബിൽ നല്കിയിരിക്കുന്നത് സംബന്ധിച്ച്<br>Written By: Abdul Salam T.I (Audit Officer, On 28-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-22 |
| 23 | തൊഴിൽ നികതി ഈടാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 1-23 |
| 24 | വാട്ടർ കണക്ഷൻ ആനുകൂല്യം- ഒരേ ഗുണഭോക്താവിന് രണ്ട് വർഷം ഒരേ ആനുകൂല്യം നല്കി- തുക തിരിച്ചുപിടിക്കണം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 1-24 |
| 25 | കുടുംബശ്രീ യൂണിറ്റുകൾക്ക് തുണി സഞ്ചി നിർമ്മാണയൂണിറ്റുകൾ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: M.S.Gopakumar (Asst. Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 1-25 |
| | **ഭാഗം 2** | |
| 1 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.-നഷ്ടം 203811 രൂപ<br>Written By: Viju M S (Senior Grade Auditor, On 27-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 2-1 |
| 2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Viju M S (Senior Grade Auditor, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 2-2 |
| 3 | അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Viju M S (Senior Grade Auditor, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 2-3 |
| 4 | ബിലേറ്റഡ് ഫീസ് ഈടാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 2-4 |
| | **ഭാഗം 3** | |
| 1 | മരാമത്ത് പ്രവൃത്തിക്ക് അധിക തുക നൽകി<br>Written By: Abdul Salam T.I (Audit Officer, On 27-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 3-1 |
| 2 | ബിറ്റുമെൻ കാലി ബാരലിന്റെ വിലയും കാലതാമസത്തിന് ഫൈനും കുറച്ചിട്ടില്ല. | 3-2 |

| | | |
|---|---|---|
| | Written By: Abdul Salam T.I (Audit Officer, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | |
| 3 | വാട്ടർ കണക്ഷൻ ആനുകൂല്യം- ഒരേ ഗുണഭോക്താവിന് രണ്ട് വർഷം ഒരേ ആനുകൂല്യം നല്കി- തുക തിരിച്ചുപിടിക്കണം<br>Written By: Abdul Salam T.I (Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul Salam T.I (Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Abdul Salam T.I (Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Abdul Salam T.I (Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Abdul Salam T.I (Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Salam T.I (Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Abdul Salam T.I (Audit Officer, On 29-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 4-8 |
| 9 | ചാർജ് സർച്ചാർജ് നടപടികളുടെ വിവരം<br>Written By: Abdul Salam T.I (Audit Officer, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Salam T.I (Audit Officer, On 29-03-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 31-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 31-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 31-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 28.02.2019ലെ 1-ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 65,73,654 |
| വരവ് | 13,81,77,564 |
| ആകെ | 14,47,51,218 |
| ചെലവ് | 14,13,09,696 |
| നീക്കിയിരിപ്പ് | 34,41,522 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 11.02.2019 തീയതിയിൽ തന്നെ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ഫയൽ പരിശോധിച്ചതിൽ പ്രീ ബജറ്റ് മീറ്റിംഗ് നടത്തി വിവിധ സ്ഥാപനങ്ങളുടെ വരുമാനവും ചെലവും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ഇത് ഉൾക്കൊണ്ട് തന്നെ ബജറ്റ് തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്.

## 1-2 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) കെ.എസ്.ഇ.ബി-യിൽ 2019-20 സാമ്പത്തിക വർഷം പ്രോജക്ട് മുഖേന തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് വാർഷിക ധനകാര്യപത്രിക യിലുൾപ്പെടുത്തിയിട്ടില്ല.

2) സചിത്ര സോഫ്റ്റ് വെയർ പ്രകാരമുള്ള ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ നവീകരണ ചെലവ് ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല.

3) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

4) സഞ്ചയ പ്രകാരമുള്ള കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,13,78,317 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,06,21,702 |
| ആകെ | 9,20,00,019 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,67,11,007 |
| നീക്കിയിരിപ്പ് | 3,52,89,012 |
| വരവിനങ്ങളിലെ നഷ്ടം | 2,52,436 |
| ചെലവിനങ്ങളിലെ നഷ്ടം | 26,657 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,87,500 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 23250790 | 23250790 | 10172059 | 13078731 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5749000 | 5749000 | 1046974 | 4702026 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 133000 | 133000 | 14663 | 118337 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( CFC- Tied) | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( CFC- Untied) | 0 | 8925200 | 8925200 | 1978544 | 6946656 | |
| മെയിന്റനൻസ്, റോഡ് | | 4395000 | 4395000 | 1188543 | 3206457 | |
| മെയിന്റനൻസ്, നോൺ-റോഡ് | | 4280000 | 4280000 | 1893596 | 2386404 | |

| | | | | | | | |
|---|---|---|---|---|---|---|---|
| ലോകബാങ്ക് സഹായം | | 0 | 0 | 0 | 0 | 0 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | | |
| ഐ.സി.ഡി.എസ് | | 824024 | 1176051 | 2000075 | 810109 | 1189966 | |
| ബി.എസ്.യു.പി | | 78635 | 2709 | 81344 | | 81344 | |
| എം.ജി.എൻ.ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 5299784 | 5299784 | 5299784 | 0 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 29188 | 147483 | 176671 | 176216 | 455 | |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം (TSC) | | 272421 | 0 | 272421 | 24000 | 248421 | |
| സ്വച്ച് ഭാരത് അഭിയാൻ | | 117057 | 0 | 117057 | 25000 | 92057 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | | |
| കേരളോത്സവം | | 0 | 20000 | 20000 | 20000 | 0 | |
| സാക്ഷരതാ മിഷൻ ഗ്രാന്റ് | | 3194 | 111 | 3305 | 0 | 3305 | |
| പൈകാ ഗ്രാന്റ് | | 0 | 50000 | 50000 | 0 | 50000 | |
| RSBY ഗ്രാന്റ് | | 578830 | 6668 | 585498 | 3668 | 581830 | |
| BPCL- CSR Fund ( Noonmeal) | | 13207 | 1854383 | 1867590 | 741160 | 1126430 | |
| ആശ്രയാ മിഷൻ ഫണ്ട് | | | | | | | |
| നൂറുദിനപ്പരിപാടി – തൊഴിലുറപ്പ് സംസ്ഥാന വിഹിതം | | 0 | 91000 | 91000 | 91000 | 0 | |
| ജനകീയഭവനം | | 107655 | 4704 | 112359 | 60 | 112299 | |
| എം.എൽ.എ ഫണ്ട് | | 40390 | 0 | 40390 | 0 | 40390 | |
| ഖരമാലിന്യ സംസ്കരണം | | 430179 | 0 | 430179 | 0 | 430179 | |
| കുടിവെള്ള പദ്ധതി | | 40000 | 0 | 40000 | 0 | 40000 | |
| വെറ്ററിനറി ആശുപത്രി നിർമ്മാണം – സംസ്ഥാനാവിഷ്കൃത വിഹിതം | | 450000 | 0 | 450000 | 0 | 450000 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 9,78,61,612 | 77 | 2,72,58,136 | 13 | 83 | 44.5% |

173 പ്രൊജക്കുകൾക്ക് 2019-2020 വർഷം അംഗീകാരം വാങ്ങിയെങ്കിലും. അതിൽ 44.5% പ്രൊജക്കുകളെ പൂർണ്ണമായി നടപ്പിലാക്കിയുള്ളു എന്നത് ഭരണസമിതിയുടെ സവിശേഷശ്രദ്ധ പതിയേണ്ട വിഷയമാണ്. പ്രത്യേക ഘടകപദ്ധതി വിഹിതമായി ലഭിച്ച വിഹിതത്തിൽ 18.21 % മാത്രമേ 2019-2020 ൽ ചെലവായിട്ടുള്ളു. അതുപോലെ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഫണ്ടിൽ 44.24%വും, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഫണ്ടിൽ 27.24% വും മാത്രമേ ചെലവായുള്ളൂ എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പൂർണ്ണലക്ഷ്യം കൈവരിക്കാവുന്ന പദ്ധതികളുടെ തെരഞ്ഞെടുപ്പിൽ സംഭവിച്ച അപാകത പദ്ധതിപ്പണത്തിന്റെ പൂർണ്ണമായി വിനിയോഗത്തിന് തടസ്സമായി എന്ന് കാണുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

2019-20 വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 251 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 285 |
| നല്കിയ തൊഴിൽ ദിനങ്ങൾ | 18272 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | 106 |
| 2019-20 വർഷത്തെ ആകെ ചെലവ് തുക | 54,76,000 |

ഇനം തിരിച്ചുള്ള ചെലവു വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| അവിദഗ്ധ വേതനം | 49,85,408 |
| വിദഗ്ധ വേതനം | 8,376 |
| മെറ്റീരിയൽ തുക | 3,06,000 |
| ഭരണ ചെലവ് | 1,76,216 |
| ആകെ | 54,76,000 |

ഓഡിറ്റ് വർഷത്തിൽ ആക്ഷൻ പ്ലാൻ പ്രകാരം ലേബർ ബജറ്റിലുൾപ്പെടുത്തി 187 വർക്കുകൾ രൂപീകരിച്ചെങ്കിലും നടപ്പിലാക്കിയത് 112 പ്രവൃത്തികളാണ്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം താഴെപ്പറയുന്നു.

| നടപ്പാക്കിയ പ്രവൃത്തികൾ | എണ്ണം |
|---|---|
| തോട് ആഴം കൂട്ടി പുനരുദ്ധാരണം | 18 |
| തരിശ്ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ | 5 |
| തോട് കയർ ഭൂവസ്ത്രം വിരിക്കൽ | 3 |
| ഭൂവികസനപ്രവർത്തനങ്ങൾ | 1 |
| കോഴിക്കൂട് നിർമ്മാണം | 11 |
| തൊഴുത്ത് നിർമ്മാണം | 3 |
| ആട്ടിൻ കൂട് നിർമ്മാണം | 3 |
| താറാവിൻകൂട് നിർമ്മാണം | 1 |
| കംപോസ്റ്റ് പിറ്റ് നിർമ്മാണം | 5 |
| സോക്ക്പിറ്റ് നിർമ്മാണം | 4 |
| അസോളടാങ്ക് | 2 |
| ഓവുചാലുകളുടെ മാലിന്യനിർമ്മാർജ്ജനം | 14 |
| കിണർ നിർമ്മാണം | 19 |
| നഴ്സറി നിർമ്മാണം | 16 |
| കുളം നിർമ്മാണം | 1 |
| കിണർ റീചാർജിംഗ് | 1 |
| നടപ്പാതകളിൽ കയർ ഭൂവസ്ത്രം വിരിക്കൽ | 5 |
| നടപ്പാക്കിയ ആകെ പ്രവർത്തികൾ | 112 |

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ് നടപ്പാതകളിൽ വിരിക്കാൻ കയർ ഭൂവസ്ത്രം വാങ്ങിയത്. 6,28,607/- രൂപ ആകെ ചെലവാക്കി വിവിധ പ്രവൃത്തികൾക്കായി 4673.653 മീറ്റർ കയർ ഭൂവസ്ത്രം വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 654000 | 207 |
| വിധവാപെൻഷൻ | 3331800 | 1017 |
| വാർദ്ധക്യകാലപെൻഷൻ | 8516100 | 2633 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 813600 | 620 |
| വിവാഹ ധനസഹായം | 90000 | 3 |
| തൊഴിലില്ലായ്മ വേതനം | 1920 | 2 |
| 0അമ്പതുവയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർ ക്കുള്ള പെൻഷൻ | 194400 | 58 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.03.2021 ന് സെക്രട്ടറിയുടെ(ഇൻ ചാർജ്ജ്) സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29324/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്ററിന്റെ പരിപാലനം

2017-18 മുതൽ 2019-2020 വരെയുള്ള കാലയളവിൽ പഞ്ചായത്ത് ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളും ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കാവുന്നതാണ്.

പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി പരമാവധി ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ ഒരു സമ്പൂർണ്ണ ഡാറ്റാ ബേസ് പഞ്ചായത്ത് സൂക്ഷിക്കുന്നത് ഭാവിവികസന സാദ്ധ്യതകൾക്ക് ഉപയുക്തമാക്കാൻ ഉചിതമായിരിക്കും.

പൊതുഭരണസംവിധാനം

ഫ്രണ്ട് ഓഫീസ് സംവിധാനം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് , രസീതുകളുടെ ഉപയോഗം, അപേക്ഷകളിന്മേലുള്ള തീർപ്പ് കല്പിക്കൽ, പരാതി പരിഹാര സംവിധാനം, ജീവനക്കാരുടെ ജോലി വിഭജനം, എന്നീ ഭരണതല സംവിധാനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ പരിപാലനം

1.തൊഴിൽ നികതി രജിസ്റ്റർ-തൊഴിൽ നികതി അടവാക്കിയ ജീവനക്കാരുടെ പേര് വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായും ചേർക്കുന്നില്ല.തുകയും രസീത് നമ്പറും മാത്രമേ ചേർക്കുന്നുള്ളൂ.

2.ഡെപ്പോസിറ്റ് രജിസ്റ്റർ -ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. കൃത്യമായ രേഖപ്പെടുത്തലുകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വരുത്തേണ്ടതാണ്.

3.പെർമിറ്റ് രജിസ്റ്റർ-പെർമിറ്റ് അപ്രൂവ് ചെയ്തതത് സംബന്ധിച്ച് പല വിവരങ്ങളും പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. പെർമിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

സാംഖ്യ രസീത് പരിശോധനയിലെ അപാകതകൾ

കുറെയധികം സാംഖ്യ രസീതുകൾ Printer Fault എന്ന കാരണം രേഖപ്പെടുത്തി ക്യാൻസൽ ചെയ്തിതിരിക്കുന്നതായി കാണുന്നു.

ഉദാ- സാംഖ്യ രസീത് ക്രമ നമ്പർ 0312466,0312779,0312592, 0312821,0313218,0313229,0313541...Etc...

ഫ്രണ്ടോഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന പ്രിന്ററിന്റെ ആവശ്യകതയിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 17 ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം

ചേർന്നിട്ടില്ല. 2019- 2020 വർഷങ്ങളിൽ ആകെ രണ്ട് തവണ മാത്രമാണ് 17 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്.

ഗ്രാമസഭകൾക്ക് സ്വായത്തമായിട്ടുള്ള നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രയോഗിക്കുന്നതിന് പ്രാപ്തരാകുന്ന വിധത്തിൽ ജനങ്ങളെ ബോധവാന്മാരാക്കി നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടി ഗ്രാമസഭകളെ ജാഗരൂകമാക്കുന്നതിന് പഞ്ചായത്ത് ഭരണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 പദ്ധതി ആസൂത്രണത്തിലെ അപാകതകളും, വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിലെ പോരായ്മകളും

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് പഞ്ചായത്തിന്റെ വികസനപദ്ധതികളുടെ രൂപീകരണത്തിൽ പ്രമുഖമായ പങ്കുണ്ടെങ്കിലും, നിർവ്വഹണഘട്ടത്തിൽ ഈ വർക്കിംഗ് ഗ്രൂപ്പുകൾ നിരീക്ഷണസമിതികളായി പ്രവ്യത്തിക്കണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടുന്നില്ല. പദ്ധതി രൂപീകരണവേളയിൽപ്പോലും വർഷത്തിൽ ഒരുതവണമാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളൂ.

2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് അംഗീകാരം വാങ്ങിയ മിക്ക പ്രൊജക്ടുകളും പിന്നീട് വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കേണ്ടി വന്ന ഒരു സാഹചര്യം വരാനും കൃത്യമായ ആവശ്യകത മുൻനിർത്തിയുള്ള പ്രൊജക്ട് രൂപീകരണത്തിന്റെ അഭാവം കാരണമായിട്ടുണ്ട്.

## 1-12 അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 2019-20 കാലയളവിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷങ്ങളിലടവാക്കിയ തുക തൊഴിലാളികളുടെ എണ്ണം | തുക/രണ്ടാം അർദ്ധവർഷം | അർദ്ധ വർഷം അടവാക്കേണ്ട തുക |
|---|---|---|---|---|
| 1 | കൊച്ചിൻ സെക്രട്ടറി പ്രസ് പ്രൈവറ്റ് ലിമിറ്റഡ്. | 3100/-119190500057/ 02/03/20 (9) | രണ്ടാം അർദ്ധ വർഷം അടച്ചിട്ടില്ല | 3100/ |
| 2 | എസ്.ബി ഫാർമസ്യൂട്ടിക്കൽ | 3600/-119190101950/ 27/02/20 (8) | ഒന്നാം അർദ്ധ വർഷം അടച്ചിട്ടില്ല | 3600/ |
| 3 | മുത്തൂറ്റ് സിൻഡിക്കേറ്റ്നിധി ലിമിറ്റ ഡ് | 1350/-119190101951/ 27/02/20(3) | ഒന്നാം അർദ്ധ വർഷം അടച്ചിട്ടില്ല | 1350 |
| 4 | പോപ്പുലർ ഇൻഡസ്ട്രീസ് | 7250/-119190102183/ 05/03/20(6) | ഒന്നാം അർദ്ധ വർഷം അടച്ചിട്ടില്ല | 7250 |
| 5 | പോത്തൻസ് ഓട്ടോസ് പ്രൈവറ്റ് ലിമിറ്റഡ്. | 21000/-119190500057/ 02/03/20 | ഒന്നാം അർദ്ധ വർഷം അടച്ചിട്ടില്ല | 21000/ |
| 6 | ജെ.എം.ക്ലിനിക്ക് | 1490/-119190101519/ 18/02/20 | ഒന്നാം അർദ്ധ വർഷം അടച്ചിട്ടില്ല | 1490/- |
| 7 | വെളിത്തിൽ ഔഷധശാല | 1750/-119190100532/ 18/02/20 | ഒന്നാം അർദ്ധ വർഷം അടച്ചിട്ടില്ല | 1750/ |

| | | | | |
|---|---|---|---|---|
| 8 | ജെ.ജെ.ഇൻഡസ്ട്രീസ് | 660/-11919010113 4/ 05/02/20 (4) | ഒന്നാം അർദ്ധ വർഷം അടച്ചിട്ടില്ല | 660/ |
| ആകെ | | | | 40200 |

മേൽ വിവരിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 23.03.2021ൽ നല്കിയ 9ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറപടി ലഭ്യമാക്കിയിതിൽ തൊഴിൽ നികുതി അടവാക്കിയ ചില സ്ഥാപനങ്ങളുടെ രസീത് ഹാജരാക്കിയതിനാൽ അവ ഒഴിവാക്കി ഈടാക്കേണ്ട സ്ഥാപനങ്ങളെ നിലനിർത്തുന്നു.മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഇനത്തിൽ നഷ്ടം വന്ന 40200 രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-13 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ധാരാളം കരാറുകാരുണ്ട്.തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഈ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി കരാറുകാർ സാമ്പത്തിക വർഷത്തിൽ 6 മാസത്തെ കരാർ വ്യവസ്ഥയിൽ പഞ്ചായത്തിൽ ഒന്നിലധികം മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്തിട്ടുണ്ട് എന്ന് എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. കരാറുകാരുടെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമനം | കരാറുകാരന്റെ പേര് | ചെയ്ത വർക്കുകളുടെ എണ്ണം |
|---|---|---|
| 1 | ശ്രീ.ഹരിചന്ദ്. ത്രീ.ഡി ആപ്പിൾ ഹൈറ്റ്സ് അപ്പാർട്ട്മെന്റ്, വാഴക്കാല | 7 |
| 2 | ശ്രീ.കെ.ജെ.ലൂയിസ്,കളത്തിപ്പറമ്പിൽ വാളം,സൌത്ത് ചിറ്റൂർ | 6 |
| 3 | ശ്രീ.പി.എ.പോൾ.ചെരെപ്പിള്ളി ഹൌസ് സൌത്ത് ചിറ്റൂർ | 3 |
| 4 | ശ്രീ.സലിംസഹദ്.വി.എം വലിയവീട്ടിൽ, ചേരാനല്ലൂർ | 5 |
| 5 | ശ്രീ. അബ്ദുൾറഷീദ്.വി.എം വെളിയത്ത് വീട്.ഇടത്തല.പി.ഒ.ആലവ | 2 |
| 6 | ശ്രീ.ഇ.വി.പോളി, ഈരാളി ഹൌസ് തുറവൂർ | 10 |
| 7 | സാബ് ഇൻസ്ട്രാസ്ട്രക്ച്ചർ, പെരുന്ന ചങ്ങനാശ്ശേരി | 2 |
| 8 | ശ്രീ.ജോസഫ് ലിനേഷ് കളത്തിപ്പറമ്പിൽ ,സൌത്ത് ചിറ്റൂർ | 4 |

മേൽ സൂചിത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 23.03.2021ൽ നല്കിയ 10ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറപടിയിൽ പരാമർശിത കോൺട്രാക്ട്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നല്കിയിട്ടുണ്ടെന്നാണ് മറപടി ലഭ്യമക്കിയത്.പ്രസ്തുത കോൺട്രാക്ട്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-14 ബിലേറ്റഡ് ഫീസ് ഈടാക്കിയില്ല

എസ്.ആർ.ഒ നം 674/2017 വിജ്ഞാപനത്തിലെ ചട്ടം10(A) പ്രകാരം ലൈസൻസ് ഫീ പുതുക്കുന്നതുമായി ബന്ധപ്പെട്ട് പറയുന്നത് " A License Issued Uner These Rules Shall Be Renewed On Payment Of The Fee Specified Under Schedule II Along With A Self Certificate From The Applicant Within Thirty Days Before The End Of The Year”എന്നാണ്. അതേപോലെ ലൈസൻസ്

ഫീ അടവാക്കി ലൈസൻസ് എടുക്കുവൻ താമസിച്ചാൽ 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 19,22 എന്നിവ പ്രകാരം (വാണിജ്യ വ്യവസായ പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ) പ്രകാരം പരമാവധി അധിക ഫീസായി ഈടാക്കേണ്ടത് അടവാക്കിയ ഫീസിന്റെ 25% മാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും 620 പേർ 2019-20 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 154 പേർ ചട്ടങ്ങളിലെ ചട്ടം 19,22 വിരുദ്ധമായി കാലവിളംബം വരുത്തിയാണ് ലൈസൻസ് എടുത്തിട്ടുള്ളത് .എന്നാൽ പഞ്ചായത്ത് അധികൃതർ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് ഈടാക്കി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. പുതിയതായി ലൈസൻസ് ഫീ എടുത്തിട്ടുള്ള അപേക്ഷകരെ ഒഴിവാക്കിയിട്ടുള്ളതിന് ശേഷമുള്ള എണ്ണമാണ് മുകളിൽ ചേർത്തിട്ടുള്ളത്

31.03.2019 ന് ശേഷം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തവരുടെ എണ്ണം -35

| ലൈസൻസ് ഫീസായി നിശ്ചയിക്കപ്പെട്ട തുകയുടെ അടിസ്ഥാനത്തിലുള്ള എണ്ണം. | | | | |
|---|---|---|---|---|
| | | | | ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് |
| 4000 | * 1 | =4000 | 25% | 1000 |
| 1000 | * 1 | =1000 | 25% | 250 |
| 500 | * 9 | =4500 | 25% | 1125 |
| 300 | * 7 | =2100 | 25% | 525 |
| 200 | * 4 | =800 | 25% | 125 |
| 100 | * 13 | =1300 | 25% | 325 |
| ആകെ | 35 | | | 3425 |

ഗ്രാമപഞ്ചായത്തിന്റെ തൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ആർ.പി 4 ലെ 140100111 ഹെഡിൽ ബിലേറ്റഡ് ഫീസിനത്തിൽ 135/- രൂപ മാത്രമാണ് ഈടാക്കി കാണുന്നത്.നിയമാനുസൃതം തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 23.03.2021ൽ നല്കിയ 7ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ആവിശക്തിയിലും വൈദ്യുതിയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രമേ ബിലേറ്റഡ് ഫീസ് ഈടാക്കാവൂ എന്ന് മറുപടി പരിഗണിച്ച് ആ ഗണത്തിൽ വരുന്ന സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തിയിട്ടുള്ളതാണ്.ആയതിനാൽ ബന്ധപ്പെട്ട സ്ഥാപന ഉടമകളിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ബിലേറ്റഡ് ഫീസ് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ ചേർത്തിട്ടുള്ള സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | അടവാക്കേണ്ട തുക | അടവാക്കിയ തുക രസീത് നം,തീയതി | അർദ്ധ വർഷം |
|---|---|---|---|
| എസ്.ബി.എെ സൌത്ത് ചിറ്റൂർ | 2500 | ഇല്ല | രണ്ട് അർദ്ധ വർഷം അടവാക്കിയിട്ടില്ല |
| മുത്തൂറ്റ് മർക്കറ്റെയിൻ ലിമിറ്റഡ് | 2500 | ഇല്ല | രണ്ട് അർദ്ധ വർഷം അടവാക്കിയിട്ടില്ല |
| ആകെ | 5000 | | |

മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 23.03.2021 ൽ നല്കിയ 11ാം നമ്പർ

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറപടി ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപന നികുതി അടവാക്കിയ സ്ഥാപനങ്ങളെ ഒഴിവാക്കി തുക അടക്കുവാനുള്ള രണ്ട് സ്ഥാപനങ്ങളിൽ നിന്ന് നികുതിയിനത്തിൽ നഷ്ടമായ 5000 രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-16 വാടക കുടിശ്ശിക ഈടാക്കിയില്ല

1. ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ചിറ്റൂർ ഷോപ്പിംങ് കോംപ്ലെക്സ് ,മാർക്കറ്റ് ഷോപ്പിംങ് കോംപ്ലെക്സ് എന്നിവയിലെ കടമുറികൾ താഴെ ചേർത്തിട്ടുള്ള വിവിധ വ്യക്തികൾക്ക് പഞ്ചായത്തുമായി ഏർപ്പെട്ട കരാർ പ്രകാരം വാടകയ്ക്ക് നല്കിയിട്ടുള്ളതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ഈടാക്കേണ്ടിയിരുന്ന വാടക കൃത്യമായി ഈടാക്കി കാണുന്നില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാടകക്കാരന്റെ പേര് | വാർഡ്/ കെട്ടിട നം | വാടക | ഈടാക്കാതിരുന്ന കുടിശ്ശിക /മാസം | ആകെ | റിമാർക്ക്സ് |
|---|---|---|---|---|---|
| ശ്രീ സനിൽകുമാർ പുളിത്തറ | 12/148 | 1940 | 9*1940 | 17460 | |
| ശ്രീ അഗസ്റ്റ്യൻ ജോമോൻ | 12/145 | 2695 | 2*2695 | 5390 | |
| ശ്രീ നിധിൻ | 12/153 | 5250 | 12*5250 | 62055 | 945 രൂപ 05.04.9 ൽ 119080100057 രസീത് പ്രകാരം അടവാക്കിയിട്ടിട്ടുണ്ട് |
| ശ്രീമതി ദീപ.വി,കെ | 12/153 A | 2174 | 12*2174 | 26088 | |
| ശ്രീമതി മിനി.കെ.ബി | 12/153 B | 2174 | 7*2174 | 15218 | |
| ശ്രീമതി ഉഷാര | 1/597 | 1390 | 4*1390 | 5500 | |
| ശ്രീ ഷിബിൻബാബു | 1/598 | 963 | 12*963 | 11550 | |
| ശ്രീഷിബിൻബാബു | 1/599 | 963 | 12*963 | 11550 | |
| ശ്രീ ജുനീഷ് | 1/600 | 917 | 12*917 | 11000 | |
| ശ്രീ ജുനീഷ് | 1/602 | 583 | 12*583 | 7000 | |
| ശ്രീ റോയ് തോമസ് | 1/603 | 875 | 12*875 | 10500 | |
| ശ്രീ.പോൾസൺ | 1/604 | 833 | 12*833 | 10000 | |
| ശ്രീ.പോൾസൺ | 1/605 | 875 | 12*875 | 10500 | |
| ആകെ | | | | 203811 | |

2. ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിലെ 431400102 ഹെഡ് പ്രകാരം Rent Receivables From Buildings (Arrears) 1929 രൂപ മാത്രമാണ് കാണിച്ചിട്ടുള്ളത്. നിലവിൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 533988 രൂപ ഡിമാന്റ് ഉണ്ടായിരിക്കെ ഇൻകം & എക്സ്പെന്റിച്ചർ പത്രികയിലെ എ‌ െ 3 ഷെഡ്യൂൾ പ്രകാരം 330897 രൂപ മാത്രമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത് മേൽ പരാമർശത്തിന് വിശദീകരണം നൽകേണ്ടതാണ്.ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിലെ 431400102 ഹെഡ് പ്രകാരം Rent Receivables From Buildings (Arrears) 1929 രൂപ മാത്രമാണ് കാണിച്ചിട്ടുള്ളത്.ആയതിനാൽ വാടകയിനത്തിൽ നഷ്ടം വന്ന 203811 രൂപ

ബന്ധപ്പെട്ട വാടകക്കാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തുക ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-17 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം,പേര് | 219/19-20, ക്ലോക്ലിയർ സർജറി കഴിഞ്ഞ കുട്ടികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് സഹായം നല്കൽ. |
| ബിൽ നം,തീയതി | ചെക്ക് നം.5129503 തീയതി 03.03.2020, 100000/- |
| ഫണ്ട്,അടങ്കൽ | തനത് ഫണ്ട് 100000/- 100000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എെ.സി.ഡി.എസ് സൂപ്പർവൈസർ,ചേരനല്ലൂർ |

1) മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് വേണ്ടി തനത് ഫണ്ടിൽ നിന്ന് 100000/-രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരത്തി ന്റെ അക്കൗണ്ട് നം 70101140000134 ലേക്ക് നല്കിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 27.03.2021 നല്കിയ 23ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറപടിയിൽ അടിയന്തരമായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട് ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 100000/-രൂപ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-18 ഗുണഭോക്തൃലിസ്റ്റ് ലഭ്യമല്ല.

കൃഷി ഓഫീസർ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ഗുണഭോക്തൃലിസ്റ്റ് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം നേടിയതായി കാണുന്നില്ല.

1)

| | |
|---|---|
| പ്രോജക്ട് നം, പേര് | 07/2019-20 കേരകൃഷി വികസനം |
| ബിൽ നം, തീയതി ചെലവ് | 08/ 2019-20, 17/ 2019-20 (ബില്ല് ക്യൂവിലാണ്.)ചെലവ് 158500 |
| അടങ്കൽ ,ഫണ്ട് | 211600( 158500 വികസനഫണ്ട്) ( 20000 ഫ്ലഡ് റിലീഫ് ഫണ്ട്) (53100 ഗുണഭോക്തൃവിഹിതം നേരിട്ട്) |

2)

| | |
|---|---|
| പ്രോജക്ട് നം, പേര് | 204/2019-20 തെങ്ങും തൈ വിതരണം |
| ബിൽ നം, തീയതി ചെലവ് | 12/ 2019-20, (സ്പിൽ ഓവർ ആയി)<br>ചെലവ് 100000 |
| അടങ്കൽ, ഫണ്ട് | 100000 ( 75000 ഫ്ലഡ് റിലീഫ് ഫണ്ട്) (25000 ഗുണഭോക്തൃവിഹിതം നേരിട്ട്) |

3)

| | |
|---|---|
| പ്രോജക്ട് നം, പേര് | 205/2019-20 ഫലവൃക്ഷ തൈ വിതരണം |
| ബിൽ നം, തീയതി ചെലവ് | 14/ 2019-20, (സ്പിൽ ഓവർ ആയി)ചെലവ് 125000 |
| അടങ്കൽ, ഫണ്ട് | 125000( 50000 വികസനഫണ്ട്) ( 50000 ഫ്ലഡ് റിലീഫ് ഫണ്ട്) (25000 ഗുണഭോക്തൃവിഹിതം നേരിട്ട്) |

4)

| | |
|---|---|
| പ്രോജക്ട് നം, പേര് | 05/2019-20 ഇഞ്ചി-മഞ്ഞൾ കൃഷി വികസനം |
| ബിൽ നം, തീയതി ചെലവ് | 09/ 2019-20 (സ്പിൽ ഓവർ ആയി) ചെലവ് 44000 |
| അടങ്കൽ, ഫണ്ട് | 44000(33000 വികസനഫണ്ട്) (11000ഗുണഭോക്തൃ വിഹിതം നേരിട്ട്) |

5)

| | |
|---|---|
| പ്രോജക്ട് നം, പേര് | 06/2019-20 കേരകൃഷി വികസനം |
| ബിൽ നം, തീയതി ചെലവ് | 04/ 2019-20, 5/ 2019-20 , 6/ 2019-20 7/ 2019-20 (സ്പിൽ ഓവർ ആയി) ചെലവ് 200000 |
| അടങ്കൽ ,ഫണ്ട് | 200000( 200000 വികസന ഫണ്ട്) |

പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, ചെലവ് സാധൂകരിക്കുന്ന കമ്മറ്റി തീരമാനമോ അടിയന്തരമായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 25.03.2021ൽ നല്കിയ 15 ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, ചെലവ് സാധൂകരിക്കുന്ന കമ്മറ്റി തീരുമാനമോ ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 627500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 കാലാവധി കഴിഞ്ഞിട്ടും ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നാളിതുവരെയായി പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയതായി കാണുന്നില്ല.

1)കോൺട്രാക്ടറുടെ ഇ.എം.ഡി (340100101)

| തീയതി | രസീത് നം | കോൺട്രാക്ടറുടെ പേര് | തുക |
|---|---|---|---|
| 15.11.2005 | 3/36783 | ശ്രീ. പോൾ.പി.എ | 1146 |
| 15.11.2005 | 4/36783 | ശ്രീ. പോൾ.പി.എ | 2482 |
| 15.11.2005 | 5/36783 | ശ്രീ. പോൾ.പി.എ | 2326 |
| 15.11.2005 | 12/36783 | ശ്രീ. പോൾ.പി.എ | 6085 |
| 15.11.2005 | 13/36783 | ശ്രീ. പോൾ.പി.എ | 1195 |
| 02.06.2006 | 70/36783 | ശ്രീ. പോൾ.പി.എ | 2415 |
| 04.01.2006 | 71/36783 | ശ്രീ. പോൾ.പി.എ | 2484 |
| 28.02.2006 | 93/2809 | ശ്രീ. പോൾ.പി.എ | 6085 |
| 28.02.2006 | 94/2809 | ശ്രീ. പോൾ.പി.എ | 4125 |
| 28.02.2006 | 10/2809 | ശ്രീ. പോൾ.പി.എ | 1146 |
| 16/03.2006 | 16/27325 | ശ്രീ. പോൾ.പി.എ | 1195 |
| 10.10.2006 | 64/39599 | ശ്രീ. പോൾ.പി.എ | 250 |
| | | | 30934 |

2) കോൺട്രാക്ടേഴ്സ് റിടെൻഷൻ (340100301)

| തീയതി | കോൺട്രാക്ടറുടെ പേര് | | തുക |
|---|---|---|---|
| 31.03.2012 | ശ്രീ. പോൾ.പി.എ | തുക അടവാക്കിയതിന്റെ രസീത് നമ്പർ ലഭ്യമല്ല | 20189 |
| 31.03.2012 | ശ്രീ.ജോർജ് അഗസ്റ്റ്യൻ | | 7704 |
| 31.03.2012 | ശ്രീ.ബിനിൽ | | 1837 |

| | | | |
|---|---|---|---|
| | പോളശ്ശേരി | | |
| | | | 29730 |

3) ബിഡ്ഡേഴ്സ് ഇ.എം.ഡി (340100201)

| തീയതി | രസീത് നം | കോൺട്രാക്ടറുടെ പേര് | തുക |
|---|---|---|---|
| 23.02.16 | 8225 | എം.എസ്. മുരളി സൈക്കിൾ മാർട്ട് | 2000 |
| 27.02.17 | 8454 | എം.എസ്. ദീപം എന്റർപ്രൈസ് | 2320 |
| 23.05.17 | 0001 | ശ്രീ.എം.എം.അക്ബർ | 4503 |
| 23.05.17 | 0006 | എം.എസ്.ആഗിത്യ പവർ പ്രോജക്ട്സ് | 4503 |
| 23.05.17 | 0008 | എം.എസ്. വിജയ ലൈൻസ് | 4500 |
| 23.05.17 | 0009 | ശ്രീ.കെ.ടി.അനിൽകുമാർ | 4500 |
| 23.05.17 | 0011 | എം.എസ് നാഷണൽ ട്രേഡേഴ്സ് | 4500 |
| 23.10.17 | 6022 | ശ്രീ.ഡി.മുരളിധരൻ | 969 |
| 24.10.17 | 6052 | എം.എസ് പി.വി.ജി ഫർണ്ണിച്ചർ | 3000 |
| 25.10.17 | 6063 | എം.എസ്. ഗാർനെറ്റ് കമ്പ്യൂട്ടേഴ്സ് | 3000 |
| 25.10.17 | 6066 | എം.എസ് കെ.കെ.എന്റർപ്രൈസ് | 3100 |
| ആകെ | | | 36895 |

4)സപ്ലയേഴ്സ് ഇ.എം.ഡി (340100202)

| തീയതി | രസീത് നം | കോൺട്രാക്ടറുടെ പേര് | തുക |
|---|---|---|---|
| 29.02.16 | 669 | ശ്രീ.വിജു.ഇ.എസ് | 10000 |
| 29.02.16 | 670 | ശ്രീ.ജെക്സൺ.കെ.ജെ | 10000 |
| 29.02.16 | 671 | ശ്രീ.ജിഷ.എം.എസ് | 10000 |
| 29.02.16 | 673 | ശ്രീ.സജിൻ.വി.ആർ | 5000 |
| ആകെ | | | 35000 |

മേൽ ഡെപ്പോസിറ്റ് തുക അടിയന്തരമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 23.03.2021ൽ നല്കിയ 6൦ം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് ലഭ്യമാക്കിയ മറുപടിയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ അടിയന്തരമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-20 എം.ജി.എൻ..ആർ.ഇ.ജി.എസ്- അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് കൂലി ആഴ്ചയിലൊരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർ റോൾ ക്ലോസ് ചെയ്ത തീയതി മുതൽ 15 ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണെന്നും, നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നിരിക്കെ, ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ തൊഴിലാളികൾക്ക് രണ്ട് മൂന്ന് മാസം കൂടുമ്പോൾ കൂലി നൽകുന്ന സാഹചര്യം നിലനിൽക്കുന്നതായി അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2.വർക്കുകളുടെ പൂർത്തീകരണത്തിനുശേഷം ഡിസ് പ്ലെ ബോർഡ് സ്ഥാപിക്കണമെന്ന നിർദ്ദേശം എല്ലാ പ്രവൃത്തികളുടെ കാര്യത്തിലും പാലിക്കപ്പെടുന്നില്ല.

3.പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പും, പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോഴും, പ്രവൃത്തിയുടെ പൂർത്തീകരണത്തിനു ശേഷവുമുള്ള ഫോട്ടോകൾ NREGA വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തതിന്റെ പ്രിന്റ് ഔട്ട് ചില ഫയലുകളിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

4.തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് 2018-19, 2019-20 വർഷങ്ങളിൽ നടന്നതിന്റെ രേഖകൾ ലഭ്യമല്ല. സോഷ്യൽ ഓഡിറ്റ് പരിശോധനയുടെ ഫലങ്ങൾ ചർച്ച ചെയ്യാനായി മുൻ വർഷങ്ങളിലുൾപ്പെടെ പ്രത്യേക ഗ്രാമസഭായോഗം വിളിച്ചിട്ടില്ല.

5. തൊഴിലുറപ്പ് നിയമത്തിൻ കീഴിൽ ഏറ്റെടുക്കുന്നതിന് നിർദ്ദേശിക്കുന്ന എല്ലാ പ്രവൃത്തികൾക്കും എസ്റ്റിമേറ്റിന്റെ സംഗ്രഹം , രൂപരേഖ, പ്രവൃത്തി നിർവ്വഹിച്ചതിനു ശേഷമുണ്ടാകുന്ന പ്രതീക്ഷിത നേട്ടങ്ങൾ സൂചിപ്പിക്കുന്ന സാങ്കേതിക കുറിപ്പ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

6. തൊഴിലുറപ്പ് പദ്ധതികൾക്കായി നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ വേജ്സ് ലിസ്റ്റും, മെറ്റിരിയൽ സപ്ലൈ ചെയ്യുന്ന കോൺട്രാക്ടർമാർക്ക് ഫണ്ട് ട്രാൻസ്ഫർ ഓർഡറും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

7. കിണർ റീച്ചാർജിംങ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കിണർ ഗുണഭോക്താക്കൾക്ക് കൈമാറുമ്പോൾ തുടർ പരിപാലനം ഗുണഭോക്താക്കൾ തന്നെ നിർവ്വഹിക്കേണ്ട വസ്തുത ഗുണഭോക്താക്കളെ അറിയിക്കേണ്ടതും അതോടൊപ്പം അവരിൽ നിന്നും അനുബന്ധം 5 ൽ സമ്മതപത്രം ഒപ്പിട്ട് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ആയത് ഫയലിൽ നിന്ന് ലഭ്യമല്ല.

8. കിണർ റീച്ചാർജിംങിന് പ്രത്യേകം ജലഗ്രാമസഭകൾ നടത്തുകയോ, കിണർ റീച്ചാർജിംങ് പദ്ധതിക്കാവശ്യമായ ഗുണഭോക്താക്കളെ മാനദണ്ഡമനുസരിച്ച് തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്ത് അംഗീകാരം നല്കിയ ഗുണഭോക്തൃലിസ്റ്റ് ഓഡിറ്റ് വേളയിൽ ഹാജരാക്കിയിട്ടില്ല.

മേൽപ്പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-21 മരാമത്ത് പ്രവർത്തിക്ക് അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. / പേര് | 123/20, വാർഡ് 12ലെ വിവിധറോഡ്, കാന പ്രവർത്തികൾ |
| കരാറുകാരൻ | ശ്രീ.കെ ജെ ലൂയിസ് , എസ്റ്റിമേറ്റ് നിരക്ക് (12,00,000/-) |
| അളവു പുസ്തകം | 115/AEE/EBP/18-19 |
| ചെലവ് വിവരം/ ബിൽ നം. തിയതി | 3/19-20 Dt.5.6.2019 തുക = 8,00,000/-(CFC) 3,79,270/-(Own Fund) |
| ആകെ പ്രവൃത്തി മൂല്യം | 11,79,270/- |

വിശദവിവരങ്ങൾ ഭാഗം-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-22 ബിറ്റുമെൻ കാലി ബാരലിന്റെ വില കുറയ്ക്കാതെ ഫൈനൽ ബിൽ നല്കിയിരിക്കുന്നത് സംബന്ധിച്ച്

1.ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയിൽ പാക്ഡ് ബിറ്റുമിൻ ആണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ കാലി ബാരലിന്റെ വില കുറയ്ക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നല്കിയിരിക്കുന്നത്. വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗം- 3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | റോട്ടറി ക്ളബ് റോഡ് റീടാറിംഗ് 130/20 |
| എഗ്രിമെന്റ് നം/ തീയതി | 32/AEE/LSGD/CHR//18-19 Dt.14.2.19 |
| അളവ് പുസ്തക നമ്പർ | 114/AEE/EBP/18-19 |
| കരാറുകാരന്റെ പേര്<br>കരാർ തുക | കെ ജെ ലൂയിസ്<br>492115/- |

10 X 238 = 2380+GST 18% കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുവാൻ നടപടിയെടുക്കേണ്ടതാണ്.

മേല്പ്പറഞ്ഞ പ്രവൃത്തിയിൽ ഫൈനൽ ബിൽ തുക നൽകിയപ്പോൾ കാലിബാരലിന്റെ (10 ബാരലുകൾ) വിലയും അതിന്റെ ജി എസ് ടിയും കുറച്ചിട്ടില്ല. വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗം- 3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2.എഗ്രിമെന്റ് പ്രകാരം 13.6.19 ൽ പൂർത്തീകരിക്കേണ്ട പണി പൂർത്തികരിച്ചിരിക്കുന്നത് 30.8.19 ലാണെങ്കിലും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചുനൽകുവാൻ കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം ദീർഘിപ്പിച്ച നൽകുകയോ ചെയ്തിട്ടില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ ഫൈൻ ഈടാക്കിയിട്ടില്ല.

## 1-23 തൊഴിൽ നികതി ഈടാക്കിയില്ല

താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളതാണ്. ടി സ്ഥാപനങ്ങളിൽ ധാരാളം പേർ ജോലി ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | വാർഡ് കെട്ടിട നം | തരം,ലൈസൻസ് നം | സ്ഥാപന ത്തിന്റെ പേര് | തൊഴിലാളി കളുടെ എണ്ണം |
|---|---|---|---|---|
| രാജേഷ് ബാബു.ടി തെക്കേപ്പറമ്പിൽ | 9/356 | 15/ | ശ്രീകൃഷ്ണ ട്രേഡേഴ്സ് | 15 |
| റിയാസ്.കെ.ആർ,കക്കാട്ട് വീട് കുന്നംപുറം,നോർത്ത് ഇടപ്പിള്ളി | 3/16B | 29/ | ബി ആർ.എസ് അവെറ്റ്സ് | 10 |
| എസ് സുരേഷ് കുമാർ അമൃതാഞ്ജലി, വടക്കേക്കുന്നംപുറം | 3/575 | 58’ | അമൃത ഫ്യൂവൽസ് | 10 |
| മാനേജിംങ്ഡയറക്ടർ എം.എസ് .ജെയിംസ് പാക്ക് പ്രൈവറ്റ് ലിമിറ്റഡ് ,ചിറ്റൂർ | 12/260 | 87’ | എം.എസ് .ജെയിംസ് പാക്ക് പ്രൈവറ്റ് ലിമിറ്റഡ് , | 8 |
| കെ.ജെ.യഹിയ കളപ്പുരയ്ക്കൽ, ചേരാനല്ലൂർ | 3/329 | 128/27/ 02/19 | സീതീസ് ഫ്യുവൽസ് | 8 |
| ആന്റെണി ഡി മുണ്ടക്കൽ ചേരാനല്ലൂർ | 4/267,268,269 | 134/27/ 02/19 | ആഷ്ലി അലൂമിനിയം | 8 |
| കെഫിയ സലാം കണ്ണിക്കണ്ടത്തിൽ വട്ടേക്കന്നം നോർത്ത് പറവൂർ | 3/273D | 192/28/ 02/19 | ഡ്രീംസ് ഫാഷൻസ് | 25 |
| നാരായണൻ.പി,തിരുവോണം വെള്ളിക്കോത്ത് ,ആയന്നൂർ | 2/683A | 322/13/ 03/19 | ബാർക്ക് ഇലക്ട്രിക്ക് | 10 |
| മഹേന്ദ്രകുമാർ ജെയ്ൻ ജെയക്കത്ത്,തൃപ്പൂണിത്തുറയിൻ എറണാകുളം | 2/688B | 323/13/ 03/19 | വൈറ്റില സ്റ്റീൽ പ്രൈവറ്റ് ലിമിറ്റഡ് | 15 |
| എലിസബത്ത് ചാക്കോ കോഴിമണ്ണിൻ വീട്,തൃക്കാക്കര | 12/350E | 343/19/ 03/19 | കല്പന ഫാമിലി സലൂൺ | 10 |
| രാജീവ് വാസുദേവൻ, അടില്ലൂർ കെ.പി,വള്ളുവൻ റോഡ് | 12/350C | 419/18/ 03/19 | ആസ്റ്റർ അയ്യുർവേദ | 15 |

| | | | | |
|---|---|---|---|---|
| | | | സെൻ്റർ | |
| അബൂദൾ റഷീദ്.സി.കെ ചേരുംപ്പിള്ളി, ചേരാനല്ലൂർ | 3/244,252 | 427/10/ 05/19 | എ ട ഇസെഡ് പാക്കിംങ്സ് | 10 |
| സേലം സ്റ്റെയിൻലെസ് ഡോർ നം 3, തൈക്കാവ് ജംങ്ഷൻ | 3/468 | 519/23/ 05/19 | സേലം സ്റ്റെയിൻലെസ് | 9 |
| ശ്രീ.അജിത്ത് കുമാർ, കൃഷ്ണ ഇൻഡസ്ട്രീസ്, ആലുവ | 1/79 | 530/24/ 08/19 | മൈസൺസ് ഗ്രൂപ്പ് | 10 |

മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട 23.03.2021ൽ നല്കിയ 12ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ തൊഴിൽ നികതി അടവാക്കിയസ്ഥാപനങ്ങളെ ഒഴിവാക്കി നികുതിഅടവാക്കുവാനുള്ള സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രസീത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണ്

## <u>1-24 വാട്ടർ കണക്ഷൻ ആനുകൂല്യം- ഒരേ ഗുണഭോക്താവിന് രണ്ട് വർഷം ഒരേ ആനുകൂല്യം നല്കി- തുക തിരിച്ചുപിടിക്കണം</u>

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | എസ്.084/19 | എസ് 017/20 |
| വർഷം | 2018-19 | 2019-2020 |
| പ്രൊജക്ടിന്റെ പേര് | വാട്ടർ കണക്ഷൻ (ജനറൽ) | വാട്ടർ കണക്ഷൻ (ജനറൽ) |
| അടങ്കൽ | 1,70,000 /- (വികസന ഫണ്ട്- ജനറൽ) | 1,55,000/- (വികസന ഫണ്ട്- ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| ചെലവഴിച്ച തുക | 35,000/- (178/ 07.02.2019) <u>1,35,000/- (260/ 21.03.2019</u>) 1,70,000/- | 80,000/- ( 211/ 04.03.2020) <u>75,000/- ( 46/ 08.05.2020</u> <u>1,55,000/-</u> |

ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിൽ 2018-19, 2019-2020 സാമ്പത്തികവർഷങ്ങളിൽ വാട്ടർകണക്ഷന് ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിന് പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങി നടപ്പിലാക്കിയിരുന്നു.

14.02.2018-ലെ സ.ഉ (കൈ) നം.22/2018/ ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 6.6 (2) പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വാട്ടർ കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് പരമാവധി 5000/- രൂപയിൽ അധികരിക്കാതെ ആനുകൂല്യം നല്കാവുന്നതാണ് എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതികളിൽ ഉൾപ്പെടുത്തി 2018-19 വർഷം 34 ഗുണഭോക്താക്കൾക്ക് 5000/- രൂപ വീതം ആനുകൂല്യം നല്കിയിരുന്നു. 2019-2020 വർഷം 31 ഗുണഭോക്താക്കൾക്കും 5000/- രൂപ വീതം ആനുകൂല്യം നല്കിയിരുന്നു.

2018-19 ൽ ആനുകൂല്യം നല്കിയ ഗുണഭോക്താക്കളിൽ ശ്രീമതി. ശാന്ത വട്ടു, നികർത്തിൽ, ഇടയക്കുന്നം ( വാർഡ് നം. VI/425) എന്നയാൾ ഉൾപ്പെട്ടിരുന്നു. ടി ഗുണഭോക്താവ് കേരള വാട്ടർ അതോറിറ്റിയിൽ 550/- രൂപ കണക്ഷൻ ഡെപ്പോസിറ്റ് അടച്ച JC 50237 / 03.01.2019 എന്ന രസീത് ഹാജരാക്കിയതിന്റെയും, വാട്ടർ കണക്ഷൻ എടുക്കുന്നതിനായി ചെലവാക്കിയ തുകയുടെ എസ്റ്റിമേറ്റ്

ഹാജരാക്കിയതിന്റെയും അടിസ്ഥാനത്തിൽ ടിയാൾക്ക് 5,000/- രൂപ നല്കിയിട്ടുണ്ട്. ( ട്രഷറിബിൽ നം. 260/21.03.2019 – 1,35,000/-).

2019-2020 വർഷം ഇതേ ഗുണഭോക്താവിന് തന്നെ (ശ്രീമതി. ശാന്ത വട്ടു, നികർത്തിൽ, ഇടയക്കുന്നം -വാർഡ് നം. VI/425) കേരള വാട്ടർ അതോറിറ്റിയിലെ JC 50237 / 03.01.2019 എന്ന രസീത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും 5000/- രൂപ നല്കിയതായി കാണുന്നു. ( ട്രഷറിബിൽ നം. 46/08.05.2020 – 75,000/-)

| ഗുണഭോക്താവിന്റെ പേര്, വിലാസം, വാർഡ് നമ്പർ | ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ | വാട്ടർ അതോറിറ്റി കണക്ഷൻ ഡെപ്പോസിറ്റ് രസീത് നമ്പർ | നല്കിയ ആനുകൂല്യം (തുക) | ട്രഷറി ബിൽ നമ്പർ/ തീയതി. |
|---|---|---|---|---|
| ശ്രീമതി. ശാന്ത വട്ടു, നികർത്തിൽ, ഇടയക്കുന്നം -വാർഡ് നം. VI/425 | 397902120000802 UBIN 0535796 | JC 50237 / 03.01.2019 Consumer No. CLL/8099 D | 5000<br>5000 | 260/21.03.2019<br>46/08.05.2020 |

ഇതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നല്കിയ എൻക്വയറി നം.16 / 03.2021 ന് മറുപടി ഹാജരാക്കിയില്ല .

<u>മേൽപ്പറഞ്ഞ പ്രകാരം ഒരേ ഗുണഭോക്താവിന് രണ്ട് വർഷങ്ങളിലായി ഒരേ ആനുകൂല്യം നല്കിയതിനാൽ അധികമായി നല്കിയ 5000/- തിരികെ ഈടാക്കേണ്ടതാണ്.</u>

## <u>1-25 കുടുംബശ്രീ യൂണിറ്റുകൾക്ക് തുണി സഞ്ചി നിർമ്മാണയൂണിറ്റുകൾ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു</u>

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്.058/20 |
| പ്രൊക്ടിന്റെ പേര് | തുണിസഞ്ചി നിർമ്മാണം |
| അടങ്കൽ | 1,34,000/- വികസനഫണ്ട് ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവഴിച്ച തുക | 1,00,000/- |

ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് ജനറൽ വിഹിതത്തിൽ നിന്ന് "കുടുംബശ്രീ യൂണിറ്റുകൾക്ക് തുണി സഞ്ചി നിർമ്മാണയൂണിറ്റുകൾ " ആരംഭിക്കുന്നതിന് രണ്ട് തവണയായി എൽ.വി.ഇ.ഓ (മെമ്പർ സെക്രട്ടറി സി.ഡി.എസ്), ചെയർ പേഴ്സൺ ( സി.ഡി.എസ്.) എന്നിവരുടെ സംയുക്തഅക്കൗണ്ടിലേക്ക് താഴെപ്പറയുന്ന പ്രകാരം ട്രാൻസ് ഫർ ചെയ്തതായി കാണുന്നുണ്ട്.

| തുക | ട്രഷറി ബിൽ നമ്പർ | അക്കൗണ്ട് നമ്പർ/ അക്കൗണ്ട് ഹോൾഡർ |
|---|---|---|
| 45,000 | 16/19-20 31/03/20 | 357902010011456 SBI - മെമ്പർ സെക്രട്ടറി (സി.ഡി.എസ് ) & ചെയർ പേഴ്സൺ ( സി.ഡി.എസ്.) |
| 55,000 | 23/19-20 31/03/20 | -ടി- |

എന്നാൽ ഈ തുക ഏതൊക്കെ കുടുംബശ്രീ യൂണിറ്റുകൾക്കാണ് നല്കിയത് എന്നോ, ടി യൂണിറ്റുകൾ തുക കൈപ്പറ്റി ആയത് തുണിസഞ്ചി നിർമ്മാണയൂണിറ്റുകൾ ആരംഭിക്കാൻ ഉപയോഗിച്ചോ എന്നോ,

ഇപ്പോൾ യൂണിറ്റുകൾ പ്രവർത്തനസജ്ജമാണോ എന്നോ വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/19.03.2021) നല്കിയ മറുപടിയിൽ 20000/- രൂപ വീതം 5 യൂണിറ്റുകൾക്ക് തുണിസഞ്ചികൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം നല്കുന്നതിനാണ് പ്രൊജക്ടിൽ ഉദ്ദേശിച്ചിരുന്നതെന്നും, എന്നാൽ രണ്ട് യൂണിറ്റുകൾക്ക് മാത്രമേ നാളിതുവരെ സഹായം നല്കുന്നതിന് കഴിഞ്ഞിട്ടുള്ളു എന്നും വിശദീകരിച്ചിട്ടുണ്ട്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്ട് അംഗീകാരം ലഭിച്ചാൽ പദ്ധയിയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് ഗുണഭോക്താക്കളെ/ യൂണിറ്റുകളെ തെരഞ്ഞെടുത്തതിന് ശേഷം മാത്രമേ പദ്ധതിനിർവ്വഹണത്തിലേക്ക് പ്രവേശിക്കാവൂ. ഇവിടെ തുക പിൻവലിച്ച് CDS അക്കൗണ്ടിലേക്ക് മാറ്റിയ ശേഷമാണ് ഗുണഭോക്തൃതെരഞ്ഞെടുപ്പ് പോലും നടത്തിയത്. അതിനുശേഷവും 2 യൂണിറ്റുകളെ മാത്രമേ കണ്ടെത്തി സബ്സിഡി അവരുടെ അക്കൗണ്ടിലേക്ക് മാറ്റാൻ കഴിഞ്ഞുള്ളൂ. ബാക്കി 3 യൂണിറ്റുകളെ ഇനിയും കണ്ടെത്താൻ അവശേഷിക്കുന്നു.

മേൽസാഹചര്യത്തിൽ സി.ഡി.എസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 100000/- രൂപയിൽ ബാക്കിനിൽക്കുന്ന തുക തുണിസഞ്ചി നിർമ്മാണത്തിനായി തെരഞ്ഞെടുക്കപ്പെട്ട അവശേഷിക്കുന്ന യൂണിറ്റുകൾക്കുകൂടി നല്കി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് അടിയന്തിര ശ്രദ്ധ നല്കേണ്ടതാണ്.
മുൻകൂറായി തുക പിൻവലിച്ച് CDS അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതും, നാളിതുവരെ പദ്ധതിയിൽ ലക്ഷ്യമിട്ട എണ്ണം ഗുണഭോക്തൃയൂണിറ്റുകളെ തെരഞ്ഞെടുക്കാതിരുന്നതും ക്രമവിരുദ്ധമാണ്. ആയതിനാൽ 1,00,000/- രൂപയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന 60,000/- രൂപ തടസ്സപ്പെടുത്തുന്നു.

## <u>ഭാഗം -2</u>

### <u>2-1 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.-നഷ്ടം 203811 രൂപ</u>

1. ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ചിറ്റൂർ ഷോപ്പിംങ് കോംപ്ലെക്സ് ,മാർക്കറ്റ് ഷോപ്പിംങ് കോംപ്ലെക്സ് എന്നിവയിലെ കടമുറികൾ താഴെ ചേർത്തിട്ടുള്ള വിവിധ വ്യക്തികൾക്ക് പഞ്ചായത്തുമായി ഏർപ്പെട്ട കരാർ പ്രകാരം വാടകയ്ക്ക് നല്കിയിട്ടുള്ളതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ഈടാക്കേണ്ടിയിരുന്ന വാടക കൃത്യമായി ഈടാക്കി കാണുന്നില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാടകക്കാരന്റെ പേര് | വാർഡ്/ കെട്ടിട നം | വാടക | ഈടാക്കാതിരുന്ന കുടിശ്ശിക /മാസം | ആകെ | റിമാർക്ക്സ് |
|---|---|---|---|---|---|
| ശ്രീ സനിൽകുമാർ പുളിത്തറ | 12/148 | 1940 | 9*1940 | 17460 | |
| ശ്രീ അഗസ്റ്റ്യൻ ജോമോൻ | 12/145 | 2695 | 2*2695 | 5390 | |
| ശ്രീ നിധിൻ | 12/153 | 5250 | 12*5250 | 62055 | 945 രൂപ 05.04.9ൽ 119080100057 രസീത് പ്രകാരം അടവാക്കിയിട്ടുണ്ട് |
| ശ്രീമതി ദീപ.വി,കെ | 12/153 A | 2174 | 12*2174 | 26088 | |
| ശ്രീമതി മിനി.കെ.ബി | 12/153 B | 2174 | 7*2174 | 15218 | |
| ശ്രീമതി ഉഷാര | 1/597 | 1390 | 4*1390 | 5500 | |
| ശ്രീ ഷിബിൻബാബു | 1/598 | 963 | 12*963 | 11550 | |
| ശ്രീഷിബിൻബാബു | 1/599 | 963 | 12*963 | 11550 | |
| ശ്രീ ജുനീഷ് | 1/600 | 917 | 12*917 | 11000 | |
| ശ്രീ ജുനീഷ് | 1/602 | 583 | 12*583 | 7000 | |
| ശ്രീ റോയ് തോമസ് | 1/603 | 875 | 12*875 | 10500 | |

| | | | | | |
|---|---|---|---|---|---|
| ശ്രീ.പോൾസൺ | 1/604 | 833 | 12*833 | 10000 | |
| ശ്രീ.പോൾസൺ | 1/605 | 875 | 12*875 | 10500 | |
| ആകെ | | | | 203811 | |

2. ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിലെ 431400102 ഹെഡ് പ്രകാരം Rent Receivables From Buildings (Arrears) 1929 രൂപ മാത്രമാണ് കാണിച്ചിട്ടുള്ളത്. നിലവിൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 533988 രൂപ ഡിമാന്റ് ഉണ്ടായിരിക്കെ ഇൻകം & എക്സ്പെന്റിച്ചർ പത്രികയിലെ എെ 3 ഷെഡ്യൂൾ പ്രകാരം 330897 രൂപ മാത്രമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത് മേൽ പരാമർശത്തിന് വിശദീകരണം നൽകേണ്ടതാണ്.ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിലെ 431400102 ഹെഡ് പ്രകാരം Rent Receivables From Buildings (Arrears) 1929 രൂപ മാത്രമാണ് കാണിച്ചിട്ടുള്ളത്.ആയതിനാൽ വാടകയിനത്തിൽ നഷ്ടം വന്ന 203811 രൂപ ബന്ധപ്പെട്ട വാടകക്കാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തുക ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ ചേർത്തിട്ടുള്ള സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | അടവാക്കേണ്ട തുക | അടവാക്കിയ തുക രസീത് നം,തീയതി | അർദ്ധ വർഷം |
|---|---|---|---|
| എസ്.ബി.എെ സൌത്ത് ചിറ്റൂർ | 2500 | ഇല്ല | രണ്ട് അർദ്ധ വർഷം അടവാക്കിയിട്ടില്ല |
| മുത്തൂറ്റ് മർക്കന്റെയിൻ ലിമിറ്റഡ് | 2500 | ഇല്ല | രണ്ട് അർദ്ധ വർഷം അടവാക്കിയിട്ടില്ല |
| ആകെ | 5000 | | |

മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 23.03.2021 ൽ നല്കിയ 11ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളെ ഒഴിവാക്കി തുക അടക്കുവാനുള്ള രണ്ട് സ്ഥാപനങ്ങളിൽ നിന്ന് നികുതിയിനത്തിൽ നഷ്ടമായ 5000 രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3 അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 2019-20 കാലയളവിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷങ്ങളിലടവാക്കിയ തുക തൊഴിലാളികളുടെ എണ്ണം | തുക/രണ്ടാം അർദ്ധവർഷം | അർദ്ധ വർഷം അടവാക്കേണ്ട തുക |
|---|---|---|---|---|
| 1 | കൊച്ചിൻ സെക്രട്ടറി പ്രസ് പ്രൈവറ്റ് ലിമിറ്റഡ്. | 3100/-119190500057/ 02/03/20 (9) | രണ്ടാം അർദ്ധ വർഷം അടച്ചിട്ടില്ല | 3100/ |
| 2 | എസ്.ബി ഫാർമസ്യൂട്ടിക്കൽ | 3600/-119190101950/ 27/02/20 (8) | ഒന്നാം അർദ്ധ വർഷം അടച്ചിട്ടില്ല | 3600/ |
| 3 | മുത്തൂറ്റ് | 1350/-119190101951/ | ഒന്നാം | 1350 |

| | | | | |
|---|---|---|---|---|
| | സിൻഡിക്കേറ്റ്നിധി ലിമിറ്റ ഡ് | 27/02/20(3) | അർദ്ധ വർഷം അടച്ചിട്ടില്ല | |
| 5 | പോപ്പുലർ ഇൻഡസ്ട്രീസ് | 7250/-119190102183/ 05/03/20(6) | ഒന്നാം അർദ്ധ വർഷം അടച്ചിട്ടില്ല | 7250 |
| 5 | പോത്തൻസ് ഓട്ടോസ് പ്രൈവറ്റ് ലിമിറ്റഡ്. | 21000/-119190500057/ 02/03/20 | ഒന്നാം അർദ്ധ വർഷം അടച്ചിട്ടില്ല | 21000/ |
| 6 | ജെ.എം.ക്ലിനിക്ക് | 1490/-119190101519/ 18/02/20 | ഒന്നാം അർദ്ധ വർഷം അടച്ചിട്ടില്ല | 1490/- |
| 7 | വെളിത്തിൽ ഔഷധശാല | 1750/-119190100532/ 18/02/20 | ഒന്നാം അർദ്ധ വർഷം അടച്ചിട്ടില്ല | 1750/ |
| 8 | ജെ.ജെ.ഇൻഡസ്ട്രീസ് | 660/-119190101134/ 05/02/20 (4) | ഒന്നാം അർദ്ധ വർഷം അടച്ചിട്ടില്ല | 660/ |
| ആകെ | | | | 40200 |

തൊഴിൽ നികുതി രജിസ്റ്ററിലെ ഡിമാന്റ് തുകയായ 6986499/- (ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒഴികെ) രൂപ തന്നെയാണ് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച തൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ആർ.പി 1 ടാക്സ് റവന്യൂ വിൽ 110200102 എന്ന ഹെഡിൽ വന്നിട്ടുള്ളതും. തൊഴിൽ നികുതി കുടിശ്ശികയില്ലാതെയാണ് വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചിട്ടുള്ളതും. മേൽ അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്. മേൽ വിവരിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 23.03.2021ൽ നല്കിയ 9ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറപടി ലഭ്യമാക്കിയിതിൽ തൊഴിൽ നികുതി അടവാക്കിയ ചില സ്ഥാപനങ്ങളുടെ രസീത് ഹാജരാക്കിയതിനാൽ അവ ഒഴിവാക്കി ഈടാക്കേണ്ട സ്ഥാപനങ്ങളെ നിലനിർത്തുന്നു.മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഇനത്തിൽ നഷ്ടം വന്ന 40200 രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-4 ബിലേറ്റഡ് ഫീസ് ഈടാക്കിയില്ല

എസ്.ആർ.ഒ നം 674/2017 ലെ ചട്ടം10(A) പ്രകാരം ലൈസൻസ് ഫീ പുതുക്കുന്നതുമായി ബന്ധപ്പെട്ട് പറയുന്നത് " A License Issued Uner These Rules Shall Be Renewed On Payment Of The Fee Specified Under Schedule II Along With A Self Certificate From The Applicant Within Thirty Days Before The End Of The Year”എന്നാണ്. അതേപോലെ ലൈസൻസ് ഫീ അടവാക്കി ലൈസൻസ് എടുക്കുവൻ താമസിച്ചാൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (വാണിജ്യ വ്യവസായ പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ) ചട്ടങ്ങളിലെ ചട്ടം 19,22 എന്നിവ പ്രകാരം പരമാവധി അധിക ഫീസായി ഈടാക്കേണ്ടത് അടവാക്കിയ ഫീസിന്റെ 25% മാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും 620 പേർ 2019-20 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 154 പേർ ചട്ടങ്ങളിലെ ചട്ടം 19,22 വിരുദ്ധമായി കാലവിളംബം വരുത്തിയാണ് ലൈസൻസ് എടുത്തിട്ടുള്ളത് .എന്നാൽ പഞ്ചായത്ത് അധികൃതർ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് ഈടാക്കി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. പുതിയതായി ലൈസൻസ് ഫീ എടുത്തിട്ടുള്ള അപേക്ഷകരെ ഒഴിവാക്കിയിട്ടുള്ളതിന് ശേഷമുള്ള എണ്ണമാണ് മുകളിൽ ചേർത്തിട്ടുള്ളത്.

31.03.2019 ന് ശേഷം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തവരുടെ എണ്ണം -35

| ലൈസൻസ് ഫീസായി നിശ്ചയിക്കപ്പെട്ട തുകയുടെ അടിസ്ഥാനത്തിലുള്ള എണ്ണം. | | | | |
|---|---|---|---|---|
| | | | | ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് |
| 4000 | * 1 | =4000 | 25% | 1000 |
| 1000 | * 1 | =1000 | 25% | 250 |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| 500 | * 9 | =4500 | 25% | 1125 |
| 300 | * 7 | =2100 | 25% | 525 |
| 200 | * 4 | =800 | 25% | 125 |
| 100 | * 13 | =1300 | 25% | 325 |
| ആകെ | 35 | | | 3425 |

ഗ്രാമപഞ്ചായത്തിന്റെ തൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ആർ.പി 4 ലെ 140100111 ഹെഡിൽ ബിലേറ്റഡ് ഫീസിനത്തിൽ 135/- രൂപ മാത്രമാണ് ഈടാക്കി കാണുന്നത്.നിയമാനുസൃതം തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 23.03.2021ൽ നല്കിയ 7ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ആവിശക്തിയിലും വൈദ്യുതിയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രമേ ബിലേറ്റഡ് ഫീസ് ഈടാക്കാവൂ എന്ന് മറുപടി പരിഗണിച്ച് ആ ഗണത്തിൽ വരുന്ന സ്ഥാപനങ്ങളിലെ മാത്രം ഉൾപ്പെടുത്തിയിട്ടുള്ളതാണ്.ആയതിനാൽ ബന്ധപ്പെട്ട സ്ഥാപന ഉടമകളിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ബിലേറ്റഡ് ഫീസ് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -3

### 3-1 മരാമത്ത് പ്രവൃത്തിക്ക് അധിക തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നം. / പേര് | 123/20, വാർഡ് 12ലെ വിവിധറോഡ് ,കാന പ്രവർത്തികൾ |
| കരാറുകാരൻ | ശ്രീ.കെ ജെ ലൂയിസ് , എസ്റ്റിമേറ്റ് നിരക്ക് (12,00,000/-) |
| അളവു പുസ്തകം | 115/AEE/EBP/18-19 |
| ചെലവ് വിവരം/ ബിൽ നം. തിയതി | 3/19-20 Dt.5.6.2019 തുക = 8,00,000/-(CFC) 3,79,270/-(Own Fund) |
| ആകെ പ്രവൃത്തി മൂല്യം | 11,79,270/- |

മേൽപ്പറഞ്ഞ പ്രവർത്തിയിൽ എസ്റ്റിമേറ്റിലെ ഇനം 6 പ്രകാരം ചെയ്യേണ്ട പ്രവർത്തി "Construction Of Granular Subbase....Quarry Muck” യിൽ നിന്നും 10% Tape Measurement കുറക്കാതെയാണ് തുക നൽകിയിരിക്കുന്നത്.

എം ബുക്ക് പേജ് 7 പ്രകാരം ചെയ്ത അളവ് - 98.317m3

നൽകാവുന്ന തുക 98.317m3- 9.831m(10%) = 88.486,M3 @ 1666/- Per M3 = 147417/-

നൽകിയ തുക = 163796/-

അധികം നൽകിയ തുക = 16379/-

ഇക്കാര്യം പരിശോധിക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17) അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭിച്ച മറുപടിയിൽ Consolidation നടത്തിയിട്ടുള്ളതായും 10%Tape Measurement ൽ കുറക്കേണ്ട തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി തുക (16,379/-രൂപ)കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-2 ബിറ്റുമെൻ കാലി ബാരലിന്റെ വിലയും കാലതാമസത്തിന് ഫൈനും കുറച്ചിട്ടില്ല.

1.ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയിൽ പാക്ഡ് ബിറ്റുമിൻ ആണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ കാലി ബാരലിന്റെ വില കുറയ്ക്കാതെയാണ്

കരാറുകാരന് ഫൈനൽ ബിൽ തുക നല്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു:

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | റോട്ടറി ക്ലബ് റോഡ് റീടാറിംഗ് 130/20 |
| എഗ്രിമെന്റ് നം/ തീയതി | 32/AEE/LSGD/CHR//18-19 Dt.14.2.19 |
| അളവ് പുസ്തക നമ്പർ | 114/AEE/EBP/18-19 |
| കരാറുകാരന്റെ പേര് കരാർ തുക | കെ ജെ ലൂയിസ് 492115/- |
| അളവ് പുസ്തകപ്രകാരം ഉപയോഗിച്ച ബിറ്റുമെന്റെ അളവ് | 1574.209 Kg - S-65<br>198.575kg – RS-1 |
| കരാറുകാരന് നൽകിയ തുക | 433733/- (Part Bill – 229018 And Final Bill 204715) |

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം (Part Bill 244937) | 4,58,179 |
| കുറയ്ക്കുക: ആദായനികുതി-1%(2449+2132) | 4,581 |
| നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം-1% | 4,581 |
| ജി എസ് ടി 2% SGst+CGST<br>Retension Amount Dedected From Part Bill | 9,162<br>6,123 |
| കരാറുകാരന് നല്കിയ തുക | 433,733 |

മേല്പ്പറഞ്ഞ പ്രവൃത്തിയിൽ ഫൈനൽ ബിൽ തുക നൽകിയപ്പോൾ കാലിബാരലിന്റെ (10 ബാരലുകൾ) വിലയും അതിന്റെ ജി എസ് ടിയും കുറച്ചിട്ടില്ല.
10 X 238 = 2380+GST 18% കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുവാൻ നടപടിയെടുക്കേണ്ടതാണ്.

2.എഗ്രിമെന്റ് പ്രകാരം 13.6.19 ൽ പൂർത്തീകരിക്കേണ്ട പണി പൂർത്തികരിച്ചിരിക്കുന്നത് 30.8.19 ലാണെങ്കിലും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചുനൽകുവാൻ കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല. എഗ്രിമെന്റ് വെച്ച് സൈറ്റ് കൈമാറിയിട്ടുള്ളത് 14.2.2019 ൽ ആണ്. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവർത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 30.8.2019 ൽ ആണ്. ചെക്ക് നം.5442762/8.11.19 പ്രകാരം 213243/-രൂപ അവസാന പേയ്മെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ ഫൈൻ ഈടാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പൂർത്തിയാക്കേണ്ട തിയതി | 13.6.2019 | ഈടാക്കേണ്ട ഫൈൻ | |
|---|---|---|---|
| പൂർത്തിയാക്കിയ തിയതി | 30.8.2019 | 24 ദിവസത്തെ | 492115 X1% =4921/90x53 |

| | | | |
|---|---|---|---|
| | | ഗ്രേസ് പിരീഡ് കഴിഞ്ഞ് 8.7.19 മുതൽ 30.6.19 വരെ ആദ്യത്തെ മൂന്ന് മാസം 1% നിരക്കിൽ | Days = 2,898/- |
| ആകെ | | | 2,898/-രൂപ |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 3-3 വാട്ടർ കണക്ഷൻ ആനുകൂല്യം- ഒരേ ഗുണഭോക്താവിന് രണ്ട് വർഷം ഒരേ ആനുകൂല്യം നല്കി- തുക തിരിച്ചുപിടിക്കണം

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | എസ്.084/19 | എസ് 017/20 |
| വർഷം | 2018-19 | 2019-2020 |
| പ്രൊജക്ടിന്റെ പേര് | വാട്ടർ കണക്ഷൻ (ജനറൽ) | വാട്ടർ കണക്ഷൻ (ജനറൽ) |
| അടങ്കൽ | 1,70,000 /- (വികസന ഫണ്ട്- ജനറൽ) | 1,55,000/- (വികസന ഫണ്ട്- ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| ചെലവഴിച്ച തുക | 35,000/- (178/ 07.02.2019) 1,35,000/- (260/ 21.03.2019) 1,70,000/- | 80,000/- ( 211/ 04.03.2020) 75,000/- ( 46/ 08.05.2020 1,55,000/- |

ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിൽ 2018-19, 2019-2020 സാമ്പത്തികവർഷങ്ങളിൽ വാട്ടർകണക്ഷന് ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിന് പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങി നടപ്പിലാക്കിയിരുന്നു.

14.02.2018-ലെ സ.ഉ (കൈ) നം.22/2018/ ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 6.6 (2) പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വാട്ടർ കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് പരമാവധി 5000/- രൂപയിൽ അധികരിക്കാതെ ആനുകൂല്യം നല്കാവുന്നതാണ് എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതികളിൽ ഉൾപ്പെടുത്തി 2018-19 വർഷം 34 ഗുണഭോക്താക്കൾക്ക് 5000/- രൂപ വീതം ആനുകൂല്യം നല്കിയിരുന്നു. 2019-2020 വർഷം 31 ഗുണഭോക്താക്കൾക്കും 5000/- രൂപ വീതം ആനുകൂല്യം നല്കിയിരുന്നു.

2018-19 ൽ ആനുകൂല്യം നല്കിയ ഗുണഭോക്താക്കളിൽ ശ്രീമതി. ശാന്ത വട്ടു, നികർത്തിൽ, ഇടയക്കുന്നം ( വാർഡ് നം. VI/425) എന്നയാൾ ഉൾപ്പെട്ടിരുന്നു. ടി ഗുണഭോക്താവ് കേരള വാട്ടർ അതോറിറ്റിയിൽ 550/- രൂപ കണക്ഷൻ ഡെപ്പോസിറ്റ് അടച്ച JC 50237 / 03.01.2019 എന്ന രസീത് ഹാജരാക്കിയതിന്റെയും, വാട്ടർ കണക്ഷൻ എടുക്കുന്നതിനായി ചെലവാക്കിയ തുകയുടെ എസ്റ്റിമേറ്റ് ഹാജരാക്കിയതിന്റെയും അടിസ്ഥാനത്തിൽ ടിയാൾക്ക് 5,000/- രൂപ നല്കിയിട്ടുണ്ട്. ( ട്രഷറിബിൽ നം. 260/21.03.2019 – 1,35,000/-).

2019-2020 വർഷം ഇതേ ഗുണഭോക്താവിന് തന്നെ (ശ്രീമതി. ശാന്ത വട്ടു, നികർത്തിൽ, ഇടയക്കുന്നം -വാർഡ് നം. VI/425) കേരള വാട്ടർ അതോറിറ്റിയിലെ JC 50237 / 03.01.2019 എന്ന രസീത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും 5000/- രൂപ നല്കിയതായി കാണുന്നു. ( ട്രഷറിബിൽ നം. 46/08.05.2020 – 75,000/-)

| ഗുണഭോക്താവിന്റെ പേര്, വിലാസം, വാർഡ് നമ്പർ | ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ | വാട്ടർ അതോറിറ്റി കണക്ഷൻ ഡെപ്പോസിറ്റ് രസീത് നമ്പർ | നല്കിയ ആനുകൂല്യം (തുക) | ട്രഷറി ബിൽ നമ്പർ/ തീയതി. |
|---|---|---|---|---|
| ശ്രീമതി. ശാന്ത വട്ടു, നികർത്തിൽ, ഇടയക്കുന്നം -വാർഡ് നം. VI/425 | 397902120000802<br>UBIN 0535796 | JC 50237 / 03.01.2019 Consumer No. CLL/8099 D | 5000<br>5000 | 260/21.03.2019<br>46/08.05.2020 |

ഇതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നല്കിയ എൻക്വയറി നം.16 / 03.2021 ന് മറുപടി ഹാജരാക്കിയില്ല .

<u>മേൽപ്പറഞ്ഞ പ്രകാരം ഒരേ ഗുണഭോക്താവിന് രണ്ട് വർഷങ്ങളിലായി ഒരേ ആനുകൂല്യം നല്കിയതിനാൽ അധികമായി നല്കിയ 5000/- തിരികെ ഈടാക്കേണ്ടതാണ്.</u>

## <u>ഭാഗം -4</u>

### <u>4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 19.03.2021 മുതൽ 20.03.2021 | 2019-2020 വാർഷികഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയത്. |

അപാകതകൾ ഖണ്ഡിക 1-2 ൽ ചേർത്തിട്ടുണ്ട്.

### <u>4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | 2019-2020 ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 394004 | 7,61,950 | ലൈഫ് ഭവന പദ്ധതി | 600750 | 555204 |
| | 2017-2018 | 1237115 | 0 | ആസ്തി വികസനം | 199681 | 1037434 |
| | ആകെ | 1631119 | 7,61,950 | | 800431 | 1592638 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 4400109 | 0 | ആസ്തി വികസനം | 38,07,114 | 592995 |
| | | 59125 | 0 | | 0 | 59125 |
| | ആകെ | 4459234 | 0 | | 3807114 | 6,52,120 |

മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുകയും ഉൾപ്പെടെയാണ് ബാലൻസ് ഷീറ്റിൽ 31.03.2020ൽ ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുകയായി രേഖപ്പെടുത്തിയിരിക്കുന്നത്.

2019-20 വർഷം ജില്ലാ പഞ്ചായത്ത് വിഹിതമായി തുകയൊന്നും ലഭിച്ചില്ലെങ്കിലും, മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ നിന്ന് 38,07,114/- രൂപയുടെ ചെലവ് (ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ) വന്നിട്ടുണ്ട്.

മുൻവർഷങ്ങളിൽ മൂലധനചെലവുകൾക്കായി ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക നിർദ്ദിഷ്ടപ്രൊജക്റ്റുകൾക്കായി ചെലവഴിക്കുകയോ, അല്ലാത്തപക്ഷം കോൺട്രിബ്യൂട്ടിംഗ് തദ്ദേശസ്വയംഭരണസ്ഥാപനത്തിന് തിരികെ നല്കാൻ നടപടി സ്വീകരിക്കുകയും വേണം.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വൈദ്യുതലൈൻ കമ്മ്യൂണിറ്റി ഹാൾ-വൈദ്യുതീകരണം | 547091 18.06.2019 | 80718 | - | 80718 |
| | | 708817 15.11.2019 | 12083 | - | 12083 |
| | | ആകെ | | | 92900/- |

2019-2020 സാമ്പത്തികവർഷത്തിൽ "വൈദ്യുതലൈൻ കമ്മ്യൂണിറ്റി ഹാൾ-വൈദ്യുതീകരണം" എന്ന പദ്ധതിക്കുവേണ്ടി തനത് ഫണ്ടിൽ നിന്ന് 92,900/- രൂപ KSEB-യിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ ഈ തുക ചെലവഴിച്ചത് സംബന്ധിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കൂടാതെ ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന മുൻകൂർ തുക എന്ന നിലയിൽ 2019-2020 ബാലൻസ് ഷീറ്റിലും ഈ തുക രേഖപ്പെടുത്തിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO ലൈഫ് ഭവന പദ്ധതി | സ.ഉ (സാധാ.) 124/18 / ത.സ്വ.ഭ.വ 11.09.2018 | 991598 | 991598 | 176471 | | 815127 |
| | | | | | | |

: വായ്പ രജിസ്ററർ പ്രകാരമുള്ള തുക ആണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. HUDCO- ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള തിരിച്ചടവ് വികസനഫണ്ട് (ജനറൽ) ഫണ്ടിന്റെ സ്രോതസ്സിൽ നിന്നുതന്നെ ആണ്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 25000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ | രശീത് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | പേരും ഉദ്യോഗപ്പേരും | തിയ്യതി |
|---|---|---|---|---|
| 2015-16 | 2-2 | 1240 | ജീവനക്കാർ, ആസ്റ്റർ മെഡിസിറ്റി | 1190801003251/ 12.04.2019 |
| 2018-19 | 3-1 | 2000 | അഡ്വ.ടി.കെ.അജിത് കുമാർ | 119190100263 / 06.01.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2003-04 | 3.7.10.1 | തെരുവ് വിളക്കുകൾ വാങ്ങിയതിൽ സംഭവിച്ച നഷ്ടം | ഉത്തരവാദിയായ എൽസമ്മ കൊയലോയുടെ DCRG യിൽ നിന്നും ഈടാക്കിയ 54,511/- പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഈടാക്കണമെന്ന് കാണിച്ച് പലതവണ ട്രഷറിയിൽ കത്ത് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ അതിൻമേൽ ഒരു നടപടിയും ഉണ്ടായിട്ടില്ല. |

## 4-9 ചാർജ് സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 60621702 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56711007 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 252436 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 26657 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 787500 |

(ബി).<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 203811 | | ശ്രീമതി. മല്ലിക.വി.ആർ സെക്രട്ടറി |
| 2-2 | 5000 | | ശ്രീമതി. മല്ലിക.വി.ആർ സെക്രട്ടറി |
| 2-3 | 40200 | | ശ്രീമതി. മല്ലിക.വി.ആർ സെക്രട്ടറി |
| 2-4 | 3425 | | ശ്രീമതി. മല്ലിക.വി.ആർ |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| 3-1 | | 16379 | ശ്രീമതി. റേച്ചൽ ബഞ്ചമിൻ അസിസ്റ്റന്റ് എൻജിനീയർ |
| 3-2(1) | | 2380 | ശ്രീമതി. റേച്ചൽ ബഞ്ചമിൻ അസിസ്റ്റന്റ് എൻജിനീയർ |
| 3-2(2) | | 2898 | ശ്രീമതി. റേച്ചൽ ബഞ്ചമിൻ അസിസ്റ്റന്റ് എൻജിനീയർ |
| 3-3 | | 5000 | ശ്രീമതി. മല്ലിക.വി.ആർ സെക്രട്ടറി |
| ആകെ | 252436 | 26657 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 100000 | ശ്രീമതി.വീണ.ടി.വി ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 1-18 | 627500 | ശ്രീമതി.പുഷ്യ രാജൻ കൃഷി ഓഫീസർ |
| 1-25 | 60000 | ശ്രീ. ഉമേഷ് ജി. അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 787500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | ഇല്ല |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. മല്ലിക.വി.ആർ,സെക്രട്ടറി | സെക്രട്ടറി ചേരാനല്ലൂർ ഗ്രാമ പഞ്ചയത്ത് | കോക്കേരിയിൽ ഭഗവതി ടെംമ്പിൾ റോഡ് സൌഗന്ധികം,ചേരാനല്ലൂർ |
| ശ്രീമതി.പുഷ്യ രാജൻ കൃഷി ഓഫീസർ | കൃഷി ഓഫീസർ | ആലുംചവട്ടിൽ വീട് വളഞ്ഞവട്ടം.പി.ഒ തിരുവല്ല |
| ശ്രീമതി.വീണ.ടി.വി ഐ.സി.ഡി.എസ് സൂപ്പർ വൈസർ | എെ.സി.ഡി.എസ് സൂപ്പർ വൈസർ | വൈഷ്ണവം മുത്തറ്റ്മഠം ഓണംത്തുരുത്ത് കോട്ടയം.682024 |
| ശ്രീമതി. റേച്ചൽ ബഞ്ചമിൻ അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ അരൂർ ഗ്രാമപഞ്ചായത്ത് | ബെതേൽ(H) അരൂർ പി.ഒ ചേർത്തല |
| ശ്രീ. ഉമേഷ് ജി. | സെക്രട്ടറി | 18/486 A |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ഈസ്റ്റ് ഏളേരി കാസർഗോഡ് | വേമ്പ്രക്കാട്ട് (H) പള്ളുരുത്തി കൊച്ചി -16 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| | |
|---|---|
| 2012-13 | എൽ.എഫ്.ഇ.(പി.10)484/14 തീയതി. 20.05.2014 |
| 2013-14 | എൽ.എഫ്.ഇ.(പി.10)1525/2015 തീയതി.10.09.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി10)881/2016 തീ. 07.06.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി.10)2016/16 തീ.13-12-2016 |
| 2016-17 | കെ.എസ് എ ഇ കെ.എം (പി10)1861/17/ 20.07-2017 |
| 2017-18 | കെ.എസ് എ ഇ കെ.എം (പി10)2198/18/ 06.02-2019 |
| 2018-19 | കെ.എസ് എ ഇ കെ.എം (പി10)1691/19/ 07.11-2019 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്